ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 31.01.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. 2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ബജറ്റ് പ്രഖ്യാപനങ്ങളിൽ പ്രതീക്ഷയർപ്പിച്ച് രാജ്യം.

   Finance Minister Nirmala Sitharaman will present the Union Budget for 2026-27 in the Lok Sabha tomorrow. The country is hopeful about the budget announcements.

2. അറബ് ലോകവും ഇന്ത്യയും തമ്മിലുള്ള ബന്ധത്തിന് ശക്തിപകരാൻ വിദേശകാര്യ മന്ത്രിതല സമ്മേളനത്തിനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says the Foreign Ministers' Conference will strengthen ties between the Arab world and India.

3. ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനം എന്നത് ആഗോള മാനദണ്ഡമായിരിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   External Affairs Minister S. Jaishankar says a non-compromising approach to terrorism should be a global norm.

4. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ യൂറോപ്യൻ യൂണിയനിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി ഇരട്ടിയാക്കാൻ സ്വതന്ത്ര വ്യാപാര കരാറിലൂടെ സാധിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   Union Minister Piyush Goyal says that India's exports to the European Union can be doubled in the next five years through a free trade agreement.

5. സുശക്തമായ കുടിയേറ്റ നിയമം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അഞ്ചാമത് ലോക കേരളസഭയ്ക്ക് തിരുവനന്തപുരത്ത് സമാപനം.

   Chief Minister Pinarayi Vijayan says that a strong immigration law is needed. The 5th World Kerala Sabha concludes in Thiruvananthapuram.

6. ന്യൂസിലാൻഡിനെതിരായ ടി 20 പര മ്പരയിലെ അഞ്ചാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു.

**India won the toss and elected to bat in the fifth match of the T20 series against New Zealand.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MOR NIRMALA-BUDGET

2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ലോക്സഭയിൽ അവതരിപ്പിച്ചതിനുശേഷം, ബജറ്റിന്റെ പകർപ്പ് രാജ്യസഭയിൽ മേശപ്പുറത്ത് വയ്ക്കും. കേന്ദ്രധനമന്ത്രിയായി ചുമതലയേറ്റതിനുശേഷം ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റാണിത്. ബജറ്റ് പ്രസംഗം പൂർത്തിയായ ശേഷം മൊബൈൽ ആപ്പിലും വെബ്സൈറ്റിലും രേഖകൾ ലഭ്യമാകും. കേന്ദ്ര ബജറ്റ് അവതരണത്തിന് ശേഷം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മുപ്പതോളം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും.

*************************

## PM - FOREIGN MINISTERS ARAB

രണ്ടാമത് ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിതല സമ്മേളനത്തിൽ പങ്കെടുക്കാൻ ന്യൂഡൽഹിയിലെത്തിയ പ്രതിനിധി സംഘം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. അറബ് ലോകവും ഇന്ത്യയും തമ്മിൽ കാലങ്ങളായി തുടർന്നുപോരുന്ന ബന്ധത്തിന് ശക്തിപകരാൻ സമ്മേളനം സഹായകരമാണെന്ന് കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. വ്യാപാരം, നിക്ഷേപം, ഊർജ്ജം, സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം തുടങ്ങി ഇരു മേഖലകൾക്കും പ്രയോജനകരമായരീതിയിൽ സഹകരണം കൂടുതൽ ശക്തമാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം ആവർത്തിച്ചു. മേഖലയിൽ

സമാധാനവും സുസ്ഥിരതയും നിലനിർത്തുന്നതിനായി അറബ് ലീഗ് നടത്തുന്ന ശ്രമങ്ങളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു.

************************

## JAISHANKAR - INDIA ARAB FMM (INTRO)

ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനം എന്നത് ആഗോള മാനദണ്ഡമായിരിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ രണ്ടാമത് ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിതല യോഗത്തിന്റെ ആമുഖ പ്രസംഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. എല്ലാ രൂപത്തിലുമുള്ള ഭീകരത ഇന്ത്യയ്ക്കും അറബ് രാഷ്ട്രങ്ങൾക്കും ഒരുപോലെ ഭീഷണിയാണെന്ന് അദ്ദേഹം പറഞ്ഞു. അതിർത്തി കടന്നുള്ള ഭീകരവാദം അന്താരാഷ്ട്ര ബന്ധങ്ങളുടെയും നയതന്ത്രത്തിന്റെയും അടിസ്ഥാന തത്വങ്ങളെ ലംഘിക്കുന്നതിനാൽ അത് ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് ശ്രീ ജയശങ്കർ ചൂണ്ടിക്കാട്ടി. ഭീകരതയെ ചെറുക്കാൻ അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തുപറഞ്ഞു.

(ഹോൾഡ് വോയിസ്)

************************

## REV. PM PUNJAB

സന്ത് ഗുരു രവിദാസിന്റെ 649-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പഞ്ചാബ് സന്ദർശിക്കും. ആദംപൂർ വിമാനത്താവളത്തിന്റെ പുതിയ പേരായ 'ശ്രീ ഗുരു രവിദാസ് ജി എയർപോർട്ട്' എന്നത് അദ്ദേഹം ഔദ്യോഗികമായി പ്രഖ്യാപിക്കും. ലുധിയാനയിലെ ഹൽവാര വിമാനത്താവളത്തിലെ ടെർമിനൽ മന്ദിരവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ജലന്ധർ ജില്ലയിലെ ദേരാ സച്ച്ഖണ്ഡ് ബല്ലാൻ സന്ദർശിക്കുന്ന ശ്രീ മോദി അവിടെ പ്രാർത്ഥനകൾ നടത്തുകയും സന്ത് ഗുരു രവിദാസ്

ജിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന പൊതുപരിപാടിയിൽ പങ്കെടുക്കുകയും ചെയ്യും.

*************************

## GOYAL INDIA-EU FTA

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ യൂറോപ്യൻ യൂണിയനിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി ഇരട്ടിയാക്കാൻ സാധിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. പ്രമുഖ ദേശീയ ദിനപത്രങ്ങൾക്ക് നൽകിയ അഭിമുഖങ്ങൾ സമൂഹമാധ്യമത്തിൽ പങ്കുവെച്ചുകൊണ്ടാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യയുടെ തന്ത്രപ്രധാനമായ മേഖലകളെ സംരക്ഷിക്കുന്നതോടൊപ്പം രാജ്യത്തിന് വലിയ അവസരങ്ങൾ തുറന്നു നൽകുന്ന കരുത്തുറ്റ ഒന്നാണ് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് മന്ത്രി പറഞ്ഞു.

*************************

## REV. MAHA-SUNETRA PAWAR-NCP

രാജ്യസഭാ എം.പി സുനേത്ര പവാർ മഹാരാഷ്ട്രയുടെ ഉപമുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. 62 വയസ്സുകാരിയായ അവർ മഹാരാഷ്ട്രയുടെ ആദ്യത്തെ വനിതാ ഉപമുഖ്യമന്ത്രിയാണ്. വിമാനാപകടത്തിൽ മരിച്ച മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും ഭർത്താവുമായ അജിത് പവാറിന്റെ അപ്രതീക്ഷിത വേർപാടിനെത്തുടർന്നാണ് സുനേത്ര ഉപമുഖ്യമന്ത്രിയായി സ്ഥാനമേറ്റത്. ഇന്ന് എൻ.സി.പിനിയമസഭാ കക്ഷിയോഗം സുനേത്ര പവാറിനെ ഐകകണ്ഠേന നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തിരുന്നു.

*************************

## INDIA - UN CSOCD

ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് നടക്കുന്ന ഐക്യരാഷ്ട്രസഭയുടെ സാമൂഹിക വികസന കമ്മീഷന്റെ 64-ാമത് സമ്മേളനത്തിൽ കേന്ദ്ര വനിതാ ശിശു വികസന സഹമന്ത്രി സാവിത്രി താക്കൂർ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കും. സമ്മേളനം അടുത്ത മാസം 2-ന് ആരംഭിക്കും. അംഗരാജ്യങ്ങൾക്ക് പ്രവർത്തന പുരോഗതി അവലോകനം ചെയ്യാനും മികച്ച മാതൃകകൾ കൈമാറാനുമുള്ള ആഗോള വേദിയൊരുക്കുക എന്നതാണ് സമ്മേളനത്തിന്റെ ലക്ഷ്യം. സാമൂഹിക വികസനത്തിനായുള്ള ആഗോള ശ്രമങ്ങളിൽ ഇന്ത്യയുടെ സജീവമായ ഇടപെടലിനെയാണ് പങ്കാളിത്തം സൂചിപ്പിക്കുന്നതെന്ന് വനിതാ ശിശു വികസന മന്ത്രാലയം അറിയിച്ചു.

************************

## PM-PRAGATI SPECIAL STORY

കേന്ദ്ര ഗവണ്മെന്റിനെയും സംസ്ഥാനങ്ങളെയും ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കോർത്തിണക്കുന്ന സഹകരണ ഫെഡറലിസത്തിന്റെ ഉത്തമ ഉദാഹരണമാണ് പ്രഗതി. കഴിഞ്ഞ പതിറ്റാണ്ടിനിടയിൽ, തീരുമാനങ്ങൾ വേഗത്തിലാക്കാനും അടിസ്ഥാന സൗകര്യ പദ്ധതികളുടെ കാലതാമസം ഒഴിവാക്കാനും പ്രഗതി സഹായകമായി. വെല്ലുവിളി നിറഞ്ഞ ഭൂപ്രകൃതിയും പാരിസ്ഥിതികമായ സവിശേഷതകളും നിലനിൽക്കുന്നുണ്ടെങ്കിലും, 'പ്രഗതി' സംവിധാനത്തിന് കീഴിൽ ഉത്തരാഖണ്ഡ് സംസ്ഥാനം ഇന്ന് പ്രധാന ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്നു. ഭൂമി ഏറ്റെടുക്കൽ, വനം വകുപ്പിന്റെ അനുമതികൾ, ക്രമസമാധാന വെല്ലുവിളികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് പദ്ധതി നിർവഹണത്തിന് ആക്കം കൂട്ടുന്നതിൽ 'പ്രഗതി' സംവിധാനം നിർണ്ണായക പങ്ക് വഹിക്കുന്നു.

************************

## REV. VP - SURAJKUND (INTRO)

ഫരീദാബാദിൽ 39-ാമത് സൂരജ് കുണ്ഡ് അന്താരാഷ്ട്ര കരകൗശല മേള ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മേള സാധി ആപ്പും അദ്ദേഹം പുറത്തിറക്കി. രാജ്യത്തെ കരകൗശല വിദഗ്ധർ നൂറ്റാണ്ടുകൾ പഴക്കമുള്ള അറിവുകളുടെ സംരക്ഷകരാണെന്നും അവരെ ശാക്തീകരിക്കുക എന്നത് സുസ്ഥിര സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാൻ അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

പ്രധാനമന്ത്രി വിശ്വകർമ്മ കൗശൽ സമ്മാൻ യോജന പോലുള്ള പദ്ധതികൾ കരകൗശല തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിനും സാമ്പത്തിക ശാക്തീകരണത്തിനും പിന്തുണ നൽകുന്നുവെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

*************************

## GOVT - WAQF PROPERTY

വഖഫ് സ്വത്തുക്കളുടെ നടത്തിപ്പ് സുതാര്യവും ജനസൗഹൃദവും ഉത്തരവാദിത്തമുള്ളതുമാക്കുന്നതിനായി സർക്കാർ UMEED പോർട്ടലിൽ സർവേ മോഡ്യൂളും വഖഫ് പ്രോപ്പർട്ടി ലീസ് മോഡ്യൂളും പുറത്തിറക്കി. ഈ സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ഗുണഭോക്താക്കൾക്കിടയിൽ ബോധവൽക്കരണം നടത്താനും ന്യൂനപക്ഷ മന്ത്രാലയം സെക്രട്ടറി ചന്ദ്രശേഖർ കുമാർ എല്ലാ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെയും വഖഫ് ബോർഡുകളോട് നിർദ്ദേശിച്ചു.

*************************

## LOKA KERALA SABHA

സുരക്ഷിതത്വം എല്ലാവർക്കും പ്രധാനമാണെന്നും സുശക്തമായ കുടിയേറ്റ നിയമം ആവശ്യമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. അഞ്ചാമത് ലോക കേരളസഭയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാതലായ മാറ്റങ്ങളോടെയാണ് 2025-ൽ ഓവർസീസ് മൊബൈലിറ്റി ഫെസിലിറ്റേഷൻ വെൽഫെയർ ബില്ല് പ്രസിദ്ധീകരിച്ചതെന്നും മുഖ്യമന്ത്രി അറിയിച്ചു. ഈ മാസം 29 ന് ആരംഭിച്ച ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിൽ 500 ലധികം പ്രവാസി പ്രതിനിധികൾ പങ്കെടുത്തു.

*************************

## SIR

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയിലുള്ള അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് 19,521 അപേക്ഷകൾ നേരിട്ടും പേര് ഉൾപ്പെടുത്തുന്നതിന് പ്രവാസികളിൽ നിന്നടക്കം 11 ലക്ഷത്തി 66,456 അപേക്ഷകളും ലഭിച്ചു. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും. സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ അറിയിച്ചു.

*************************

## SWACHHATA PAKHWADA

സ്വച്ഛത പക്വാഡയുടെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിലുള്ള സിബിസി പാലക്കാടിന്റെ നേതൃത്വത്തിൽ കോട്ടക്കാട് സ്നേഹജ്വാല വൃദ്ധ സദനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ദർശന സ്കൂൾ ഓഫ് മ്യൂസിക്കും എസ് എൻ മ്യൂസിക്കും സംയുക്തമായിയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

*************************

## IND-NZ - T-20

ഇന്ത്യ- ന്യൂസിലാൻഡ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാം മത്സരം തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുന്പോൾ ഇന്ത്യ 7 ഓവറിൽ 2 വിക്കറ്റിന് 64 റൺസ് എടുത്തിട്ടുണ്ട്. ഓപ്പണർമാരായ സഞ്ജു സാംസണും അഭിഷേക് ശർമയുമാണ് പുറത്തായത്.

*************************

## SANTHOSH TROPHY

അസമിൽ സന്തോഷ് ട്രോഫി ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ന് രാവിലെ നടക്കേണ്ടിയിരുന്ന സർവീസസിനെതിരെയുള്ള കേരളത്തിന്റെ അവസാന മത്സരം മാറ്റിവെച്ചു. മത്സരം നാളെ രാവിലെ 9 മണിയ്ക്ക് സിലാപഥർ സ്റ്റേഡിയത്തിൽ നടക്കും.

*

************

*************************************